പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1525

31-01-2018 ൽ മറുപടിക്ക്

## ഓണാട്ടുകര വികസന ഏജൻസിക്ക് പ്രത്യേക ഫണ്ട്

ചോദ്യം
ശ്രീ. ഹൈബി ഈഡൻ

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഓണാട്ടുകര വികസന ഏജൻസിയുടെ സഹായത്തോടെ ഏതെല്ലാം പുതിയ പദ്ധതികളാണ് ഹരിപ്പാട് മണ്ഡലത്തിൽ നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നബാർഡിന്റെ ആർ.ഐ.ഡി.എഫ് XXII-ൽ ഉൾപ്പെടുത്തി ഓണാട്ടുകര മേഖലയിൽ ഹരിപ്പാട് മണ്ഡലത്തിൽ രണ്ട് അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.<br>1. ഹരിപ്പാട് പഞ്ചായത്തിലെ പറമ്പിക്കേരി 'എ' ബ്ലോക്കിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ- ഭരണാനുമതി തുക- 40.43 ലക്ഷം രൂപ<br>2. ഹരിപ്പാട് പഞ്ചായത്തിലെ നക്രതായങ്കരി പാടശേഖരത്തിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ- ഭരണാനുമതി തുക- 41.60 ലക്ഷം രൂപ<br>സംസ്ഥാനാവിഷ്കൃത പദ്ധതികളായ നെൽകൃഷി, എള്ള് കൃഷി, പയർ കൃഷി മുതലായവയുടെ ഗുണഫലങ്ങൾ പരമാവധി കിട്ടത്തക്കവണ്ണം ഓണാട്ടുകര വികസന ഏജൻസി പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. അപ്രകാരം ഹരിപ്പാട് മണ്ഡലത്തിൽ 2355 ഹെക്ടർ പുഞ്ച കൃഷിക്ക് സുസ്ഥിര നെൽകൃഷി വികസനത്തിന്റെ ആനുകൂല്യം ലഭിക്കും. |
| (ബി) | പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ബണ്ടുകളുടെ നിർമ്മാണം, ബലപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങൾക്കുമായി ഓണാട്ടുകര വികസന ഏജൻസിക്ക് പ്രത്യേക ഫണ്ട് ലഭ്യമാക്കുമോ? | (ബി) | നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ടിൽ 32.5 ലക്ഷം രൂപ ഓണാട്ടുകര വികസന ഏജൻസിക്ക് നൽകിയിട്ടുണ്ട്. പ്രത്യേക കാർഷിക മേഖല പദ്ധതിയിൽ ഓണാട്ടുകര ഉൾപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | സമഗ്ര നെൽകൃഷി വികസനം, പ്രത്യേക കാർഷിക മേഖല പദ്ധതി, ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ് എന്നിവയിൽ നിന്നുമുള്ള ആനുകൂല്യങ്ങൾ ഓണാട്ടുകര വികസന ഏജൻസി വഴി ക്രോഡീകരിച്ച് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളെ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ